Santhigiri

# ഉമ്മിണിതങ്കം

VOL 03 | ISSUE 44 | 2017 ഒക്ടോബർ 08 | 1193 കന്നി 22

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org | തിരുവനന്തപുരം റൂറൽ

### ഗുരുവാണി

" ഞാൻ ആരുടെയും മാതൃക സ്വീകരിച്ചിട്ടില്ല. ഞാൻ നിങ്ങൾക്കൊരു മാതൃക തരാൻ വേണ്ടിവന്ന ആളാണ്. എന്റേതു മാത്രമായ ഒരു മാതൃക. അതു നിങ്ങൾ സ്വീകരിക്കുമോ ഇല്ലയോ എന്നു മാത്രമാണ് ഞാൻ നിങ്ങളോട് ചോദിക്കുന്നത്. "

# ശാന്തിഗിരിയിൽ സന്ന്യാസദീക്ഷാ വാർഷികം ഭക്തിനിർഭരമായി ആഘോഷിച്ചു



*സന്ന്യാസദീക്ഷാ വാർഷിക ദിനത്തിൽ നടന്ന ദീപം പ്രദക്ഷിണത്തിൽ നിന്ന്*

**സ്പിരിചൽസോൺ:** ശാന്തിഗിരി ആശ്രമത്തിൽ മുപ്പത്തിമൂന്നാമത് സന്ന്യാസദീക്ഷാവാർഷികം ഭക്തിനിർഭരമായ ചടങ്ങുകളോടെ സമുചിതമായി ആഘോഷിച്ചു. രാവിലെ അഞ്ച് മണിയുടെ ആരാധനയോടെ പ്രാർത്ഥനാ ചടങ്ങുകൾ ആരംഭിച്ചു. ഒമ്പതുമണിയ്ക്കു ശേഷം പർണശാലയിൽ സന്ന്യാസി സന്ന്യാസിനിമാരുടേയും ബ്രഹ്മചാരികളുടേയും ഹാരസമർപ്പണം നടന്നു. തുടർന്ന് സന്ന്യാസ സംഘം രക്ഷകർത്താക്കളുടെയും ഗുരു ഭക്തരുടേയും പുഷ്പസമർപ്പണം നടന്നു. ഗുരുധർമ്മ പ്രകാശസഭ അംഗങ്ങൾക്കുള്ള വസ്ത്രങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും പർണശാലയിൽ വെച്ച് സമർപ്പണമായി നല്കുകയുണ്ടായി. പ്രാർത്ഥനാലയത്തിൽ ഗുരുവിന്റെ സന്നിധിയിൽ നിന്നും അറിവിന്റെ ആദ്യാക്ഷരങ്ങൾ കുറിക്കുവാനെത്തിയ കുരുന്നുകളുടെ എഴുത്തിനിരുത്തൽ ചടങ്ങും നടന്നു.

വൈകുന്നേരം ആറുമണിയുടെ ആരാധനയ്ക്കുശേഷം സന്ന്യാസിസന്ന്യാസിനിമാരുടെ നേതൃത്വത്തിൽ ആശ്രമ സമുച്ചയം വലംവച്ചു നടന്ന ദീപ പ്രദക്ഷിണത്തിൽ ബ്രഹ്മചാരി ബ്രഹ്മചാരിണിമാരും പങ്കെടുത്തു.

ഗുരു 1984 ഒക്ടോബർ 4, വിജയദശമി ദിനത്തിൽ 31 ശിഷ്യന്മാർക്ക് സന്ന്യാസദീക്ഷ നൽകിയതിന്റെ വാർഷികമാണ് എല്ലാ വർഷവും ശാന്തിഗിരി പരമ്പര സന്ന്യാസദീക്ഷാ വാർഷികമായി ഭക്തിനിർഭരം ആഘോഷിക്കുന്നത്.

സന്ന്യാസദീക്ഷാ വാർഷികത്തോടനുബന്ധിച്ച് സെപ്റ്റംബർ 21 മുതൽ 10 ദിവസം നീണ്ടുനിന്ന വ്രതാചരണവും ഒൻപത് ദിവസത്തെ സത്സംഗവും ഉണ്ടായിരുന്നു. സത്സംഗങ്ങളിൽ ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ഡയറക്ടർ സ്വാമി നവനന്മ ജ്ഞാന തപസ്വി, സ്കൂൾ ഓഫ് ഭഗവത്ഗീത ഡയറക്ടർ സ്വാമി സന്ദീപാനന്ദഗിരി, ഡോ.എസ്. എസ് ഉണ്ണി, ഡോ.കെ.എൻ. ശ്യാംപ്രസാദ്, മുരളി ശ്രീധർ, ഡോ. കെ.ആർ.എസ്. നായർ, ഡോ റ്റി എസ് സോമനാഥൻ എന്നിവർ മുഖ്യ പ്രഭാഷണം നടത്തി.

ഗുരുവിന്റെ 'നവതി' ആഘോഷ വേളയിലെ ദീക്ഷാ വാർഷിക ആഘോഷമായതിനാൽ കേരളത്തിലെമ്പാടു നിന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നൂറുകണക്കിന് ഗുരു ഭക്തർ ആശ്രമത്തിൽ എത്തിച്ചേർന്നിരുന്നു.

വ്രതശുദ്ധിയുടെ നിറവോടെ ശുഭ്രവസ്ത്ര ധാരികളായി എത്തിയ ഭക്ത സഹസ്രങ്ങൾ ആഘോഷ പരിപാടികളിൽ ആദ്യാവസാനം പ്രാർത്ഥനാപൂർവ്വം പങ്കെടുത്തു.

# ക്യാപിറ്റൽ ഡിസ്ട്രിക്റ്റ് സഹോദയ കലോത്സവം ശാന്തിഗിരി വിദ്യാഭവന് മികച്ച വിജയം



*കലോത്സവത്തിൽ ഫോക് ഡാൻസിൽ ഒന്നാം സ്ഥാനം നേടിയ ശാന്തിഗിരി വിദ്യാഭവൻ 4-ാം ക്ലാസ് വിദ്യാർത്ഥിനി സുരഭി എസ്*

**തിരുവനന്തപുരം :** വട്ടിയൂർക്കാവ് സരസ്വതി വിദ്യാലയത്തിൽ വച്ച് നടന്ന ക്യാപിറ്റൽ ഡിസ്ട്രിക്റ്റ് സഹോദയ കലോത്സവത്തിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിനു തിളക്കമാർന്ന നേട്ടം. ഫലം പ്രഖ്യാപിച്ച ഇനങ്ങളിൽ ഫോക്ക് ഡാൻസിൽ ഒന്നാം സ്ഥാനവും മോഹിനിയാട്ടം, ഭരതനാട്യം, ദഫ്മുട്ട് എന്നിവയ്ക്ക് രണ്ടാംസ്ഥാനവും കോൽക്കളിക്കും മൈമിനും മൂന്നാം സ്ഥാനവും ലഭിച്ചു.

ഒക്ടോബർ 5 ന് ആരംഭിച്ച് മൂന്നു ദിവസം നീണ്ടു നിന്ന കലോത്സവം ചലച്ചിത്ര സംവിധായകൻ മധുപാൽ ഉദ്ഘാടനം ചെയ്തു. ക്യാപിറ്റൽ ഡിസ്ട്രിക്റ്റ് സഹോദയ പ്രസിഡന്റ് കൂടിയായ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, ചലച്ചിത്ര നടി അഹാന കൃഷ്ണകുമാർ, സരസ്വതി വിദ്യാലയ ചെയർമാൻ ജി രാജ്മോഹൻ,സെക്രട്ടറി ദേവി മോഹൻ, പ്രിൻസിപ്പൽ ഒ.ആർ ഷൈലജ, ബ്ലൂമൗണ്ട് ചെയർമാൻ അഡ്വ.വിജയൻ, സഹോദയ ചുമതലക്കാരായ ജയലക്ഷ്മി, സതീഷ് ബാബു തുടങ്ങിയവർ പങ്കെടുത്തു. ജില്ലയിലെ വിവിധ സിബി എസ് ഇ സ്കൂളുകളിൽ നിന്നായി മൂവായിരത്തിൽപരം പ്രതിഭകൾ പങ്കെടുത്ത കലാമേള ഏഴോളം വേദികളിലാണ് സംഘടിപ്പിച്ചത്.കലോത്സവത്തിന്റെ സമാപന സമ്മേളനം ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര പിന്നണി ഗായകൻ ജി വേണുഗോപാൽ മുഖ്യാതിഥി ആയിരുന്നു.

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

സ്നേഹത്തിന്റെ ഒരു മഹാപർവതം പോലെയുള്ള ഭാഗമാണ് ഭക്തി. അത് സ്നേഹത്തിന്റെ ഒരു മാർഗവുമാണ്. കാണുന്നതിനോടൊക്കെ ഒരു മഹിമതോന്നുന്നതാണ് ആ സ്നേഹം. എന്തിനോടും ഒരു മഹിമ നാം അറിയാതെ നമ്മുടെ ഉള്ളിൽ ഉണ്ടാകുന്ന ഒരു ഭാവനയാണത്. കുട്ടികൾക്ക് കളിപ്പാട്ടത്തിനോടോ രുചിക്കുന്ന വസ്തുക്കളോടോ ആയിരിക്കും പ്രിയം. പ്രായം മാറി വരുന്തോറും അതിന് രണ്ടുവിധത്തിലും മാറ്റം വരുന്നു. ഒന്ന് കാര്യഗൗരവത്തോടും കർമത്തോടും മറ്റൊന്ന് വൈകാരികതയോടും. ഇത് നിങ്ങൾ ഓരോരുത്തരും അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. പക്ഷേ ഇതെങ്ങനെയെന്ന് പറഞ്ഞുകൊടുക്കാൻ സാധിക്കുകയില്ല.

ഇങ്ങനെ മാറി മാറി ഇതിന്റെ യാഥാർത്ഥ്യമായിരിക്കുന്ന വിനയവും സത്യവും ത്യാഗവും കൂടി ഇണങ്ങിച്ചേർന്നുപ്രവർത്തിക്കുന്ന ഒരു മഹാന്റെയോ അല്ലെങ്കിൽ അതിൽപ്പെട്ട ഒരു ചിന്തയിലേക്കോ നാം എത്തുമ്പോഴാണ് ഇതിന്റെ തൂക്കത്തെപ്പറ്റി അറിയുക. അത്ര വലിയ ഒരു മഹിമയാണത്. അതിൽ നാം ഉൾപ്പെട്ടുനിൽക്കുകയാണ്. അങ്ങനെ നിൽക്കുന്ന നാം ചിന്തിക്കേണ്ടത് - എന്റെ ജീവനിൽ ഇത് കലർത്തി ഇഞ്ചിഞ്ചായി വളർത്തിയെടുത്ത് എന്റെ സഹപ്രവർത്തകരിലും വീടിനും നാടിനും രാജ്യത്തിനും ഉതകത്തക്ക വിധത്തിൽ പ്രവർത്തിക്കണമെന്നായിരിക്കണം. ചിലർ കണ്ടറിഞ്ഞിട്ട് പോകും. മറ്റുചിലർ അങ്ങനെയല്ല. അവർ പരോപകാരത്തിനുവേണ്ടി എന്ത് ത്യാഗവും അനുഭവിക്കുകയും അശ്രാന്തപരിശ്രമം ചെയ്യുകയും ചെയ്യും. എല്ലാപേരും മനുഷ്യരാണ്. ചിലർക്ക് ഇതെല്ലാം കാണുന്നതുതന്നെ ദേഷ്യം. മറ്റു ചിലർക്ക് സ്നേഹത്തിന്റെ ഭാഗത്ത് ഒരു സ്വാർത്ഥത. അല്ലെങ്കിൽ മറ്റുള്ളവരെന്തുതന്നെ ചെയ്താലും അതിനെ മാനിച്ചറിയാനോ ബഹുമാനിക്കാനോ ഉള്ള അറിവില്ലായ്മ. ഇങ്ങനെ ഓരോ വശത്തും നമുക്ക് കുറവുണ്ട്. ഇതിനെയെല്ലാം മാറ്റിയെടുത്താലേ നമുക്ക് സംസ്കാരം വരികയുള്ളൂ. അതിന് ഒരു പൊതുരംഗത്തുവന്നുനിന്ന് അവിടത്തെ ഓരോ പ്രവൃത്തിയും നമ്മൾ സൂക്ഷിച്ചറിഞ്ഞ് ഇതിനകത്തുള്ള നന്മതിന്മകളെ തിരിച്ചെടുത്ത് നാം വീണ്ടും ത്യാഗം ചെയ്യേണ്ടുന്ന മാർഗത്തിലേക്ക് എത്തണം. അങ്ങനെ ഉയർന്നുവന്ന് ഈ മഹത്വത്തിന്റെ മേന്മ നമ്മളിലുള്ള ഓരോ വ്യക്തിയിലും പകർത്തണമെന്നുള്ള ത്യാഗത്തിന് പുറപ്പെടുക. അങ്ങനെയുള്ള ത്യാഗികളിൽക്കൂടിയാണ് നമുക്ക് ഇന്ന് ഇത്രയും പരിചയപ്പെട്ട് കിട്ടിയിരിക്കുന്നത്.

അത് ഇനി എങ്ങനെ എടുക്കും? ആരിൽക്കൂടി എടുക്കും? നമ്മിലെല്ലാവരിലും അറിവുണ്ട്, ഇതെല്ലാം എടുക്കണമെന്ന് താൽപര്യവുമുണ്ട്. പക്ഷേ അത് ചെയ്യേണ്ട ഭാഗത്തെത്തുമ്പോൾ അതിന് കഴിയാതെയും അഥവാ ചെയ്താൽ അത് പരസ്പരം ചേരാതെയും ചെയ്തുപറ്റിക്കാൻ നമ്മെക്കൊണ്ട് സാധിക്കാതെയും മറ്റുമുള്ള വളരെയധികം അവതാളങ്ങൾ അവിടെയുമുണ്ട്. ഇതിനെ നീക്കി മുന്നോട്ടുപോകണം. അതിന് നാം എന്താണ് ചെയ്യേണ്ടത് എന്ന് ചിന്തിച്ചൊതുക്കിക്കൊണ്ട് വേണം ഒരു ഭാഗത്തേക്ക് നീങ്ങേണ്ടത്.

അച്ഛനെന്നും അമ്മയെന്നും സഹോദരീസഹോദരനെന്നുമുള്ള മഹിമ നാം കൊടുത്താലേയുള്ളൂ. ദൈവം എന്നുപറഞ്ഞ് നമ്മൾ കൊണ്ടുവന്നിട്ടുള്ള പദവിയും ഇതുപോലെതന്നെയാണ്. നമ്മൾ വെള്ളം കുടിക്കാനെടുക്കുമ്പോൾ ഒരു നിമിഷം കണ്ണടക്കാറുണ്ട്. ചിലർ മൺവെട്ടിയെടുത്ത് വെട്ടാൻ തുടങ്ങുമ്പോഴോ പണിയായുധങ്ങളെടുക്കുമ്പോഴോ മറ്റുചിലർ പേന കൈയിലെടുക്കുമ്പോഴോ അങ്ങനെ ചെയ്യാറുണ്ട്. ഇതിനെ ദൈവമായിട്ടല്ല അവൻ ബഹുമാനിക്കുന്നത്. പക്ഷേ നാം അറിയാതെ ഇതിനൊരു മഹിമയുണ്ട്. ആ മഹിമ കാണിക്കുകയാണ് ചെയ്യുന്നത്.

## വചനദീപ്തി

"എല്ലാം സത്യത്തിനുവേണ്ടി ത്യജിക്കാം. എന്നാൽ
സത്യം ഒന്നിനും വേണ്ടി ത്യജിച്ചുകൂടാ"

**സ്വാമി വിവേകാനന്ദൻ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ഒക്ടോബർ 8 മുതൽ 14 വരെ*

**ഞായർ - രത്നഗിരി**

**തിങ്കൾ - സ്നേഹപുരം**

**ചൊവ്വ - കാഞ്ഞാംപാറ**

**ബുധൻ - പോത്തൻകോട്**

**വ്യാഴം - പാലോട്ടുകോണം**

**വെള്ളി - ജ്യോതിപുരം**

**ശനി - ശാന്തിപുരം**

## യാമപ്രാർത്ഥന

*2017 ഒക്ടോബർ 12 വ്യാഴം*

**പാലോട്ടുകോണം, പോത്തൻകോട്, ആനന്ദപുരം**

## പ്രകാശപദം

# സ്വയം പ്രകാശഖണ്ഡമായി കനിവാർന്നു നിൽക്കുന്ന ഗുരുസ്വരൂപം

ശിഷ്യനുവേണ്ടിമാത്രം ഗുരു ജീവിക്കുന്നു. ലോകത്തിന്റെ മൊത്തം എതിർപ്പുകൾ നേരിടേണ്ടി വന്നാലും ശിഷ്യന് ആത്മഭക്ഷ്യം ലോഭമില്ലാതെ നൽകാൻ പാടുപെടുന്ന ഗുരുവിന്റെ വാൽസല്യം പ്രകൃതിയുടെ നിദാനങ്ങളെ ദൈവത്തിന്റെ കനിവാർന്ന് ഗുരുവിന്റെ ഇച്ഛയായി ഗുരു, ശിഷ്യനു പങ്കിടുന്ന ദിവ്യമായ സമവായം ഇതാണ്. ഇത് ഞാൻ കണ്ടുകൊണ്ടുതന്നെ അനുഭവിക്കുകയാണ്. അറിഞ്ഞ് അറിവിന്റെ ഭൂമികകളിലേക്ക് ഉയർത്തപ്പെടുകയാണ്. ആ ജ്ഞാനഭൂമികകളുടെ താക്കോൽ ഏല്പിക്കാൻ തക്കവണ്ണം ആത്മപുണ്യംകൊണ്ട് പര്യാപ്തനായ ഒരു ശിഷ്യൻ ഗുരുവിന്റെ ഏകാന്തമായ സ്നിഗ്ധഗാംഭീര്യമിയലുന്ന അത്യുജ്ജ്വലശൂന്യതയിൽ ഗുരുവെ ഉപമയറ്റവനായി ദർശിച്ചറിയുന്നു. കോടാനുകോടി വൽസരം നീളുന്ന എത്രയെത്ര യുഗാന്തരധർമങ്ങളിൽ ശിഷ്യൻ ഗുരുവിന്റെ അനുഗാമിയായിരുന്നുവെന്നും, ഏതെല്ലാം ഭൂമികകളിൽ ഗുരുവും ശിഷ്യനും പ്രചാര പ്രകാര വേലകളിൽ ബന്ധപ്പെട്ടിരുന്നുവെന്നും ദർശിച്ചറിയുന്നു. അവിടെയെല്ലാം ഗുരു സകലകർമധർമങ്ങളുടെയും സാക്ഷിയായിരുന്നുവെന്നും കർമധർമങ്ങളെ തന്റേതാക്കിത്തീർത്ത് അവസ്ഥാന്തരപടവുകൾ ഓരോന്നായി സ്വയം പൂർത്തിയാക്കിക്കൊണ്ടുപോകുന്ന മഹിമ മാത്രമാണ് ഗുരുവെന്നും ദർശിച്ചറിഞ്ഞു.

ഇന്നോളം ഇഹപരങ്ങളിൽ വസിച്ചിട്ടുള്ള ശൈവ ശാക്തേയ വൈഷ്ണവ പരമ്പരകൾ ആകമാനവും, ഗുരു-പ്രവാചകപരമ്പരകളും സൂക്ഷ്മദൃക്കുകളായ ഒറ്റപ്പെട്ട ഗുരുക്കന്മാരും പരമ്പരകളും, യോഗിയും കർമിയും ഭക്തനും സന്യാസിയും ജ്ഞാനിയും സർവ്വതും പ്രകാശരൂപങ്ങളായി, അതാതിന്റെ അവസ്ഥകളെ പ്രതിനിധാനം ചെയ്യുന്ന വർണ്ണങ്ങളിൽ, ഐശ്വര്യസംയുക്തനായ ഗുരുവിനെ വണങ്ങി പഞ്ചപുച്ഛമടക്കി യാചനാപൂർവ്വം നിൽക്കുന്ന കാഴ്ചകൾ എത്ര വിസ്മയാവഹമാണ്! അവരിൽ ചിലർ ഭയന്നുവിറയ്ക്കുന്നതായും, ചിലർ ആഹ്ലാദംകൊണ്ട് മതിമറന്ന് തുള്ളിച്ചാടുന്നതായും, കരഞ്ഞുകൊണ്ട് ഗുരുപാദങ്ങളിൽ വീണ് ഉരുളുന്നതായും, ചിലർ ആരാധനാഭാവത്തിൽ പൂജിച്ചുനിൽക്കുന്നതായും, ചിലർ ഗുരുവിനെ തഴുകിതലോടിക്കൊണ്ട് സ്തുതിക്കുന്നതായും ഞാൻ കണ്ടു. ഓരോരുത്തരുടെയും പരിശുദ്ധിക്കനുസരിച്ചുള്ള മണ്ഡലങ്ങളിൽ തങ്ങളുടെ സ്വയാർജ്ജിത തപോബല സുകൃതഭാവങ്ങളിൽ ഗുരുമഹിമയിൽ ലയിച്ചുചേരാൻ വെമ്പൽപൂണ്ടു നിൽക്കുന്ന നിർമ്മലാത്മാക്കൾ, "ഈ ഗുരുമാർഗ്ഗം തെറ്റിക്കരുത്" എന്നു വിനീതാപേക്ഷയോടെ പറയുമ്പോൾ അനിർവചനീയമായ സ്വകീയാനുഭൂതിയാൽ ഹൃത്തടം തരളിതമാകുമെങ്കിലും ആ അപേക്ഷയിൽ അന്തർഭാവം ചെയ്തിരിക്കുന്ന താക്കീതിനെയോർക്കുമ്പോൾ ഉത്തരവാദിത്വബോധത്താൽ വിനീതമാനസയാകാതിരിക്കാൻ എനിക്കു കഴിയുന്നില്ല.

ദൈവികപരിവേഷം പൂണ്ട ആത്മസൂരികളുടെ ദർശനസമീക്ഷകളുടെ ഉൾക്കാതലാണ് എന്റെ ഗുരു എന്നു ഞാൻ കണ്ടറിയവേ തന്നെ, ഗുരുവിന്റെ ജ്വലിച്ചുനിൽക്കുന്ന ജ്യോതിർരൂപത്തിന്റെ കാരുണ്യത്തിൽ എന്റെ ജന്മാന്തരജീവിതദലങ്ങൾ പ്രഫുല്ലിതമാകുന്നതും ജാഗ്രത് സ്വപ്ന, സുഷുപ്തി, തുരീയം, തുരീയാതീത അവസ്ഥകളിൽ ഞാൻ കാണുന്നു. അവിടെ കോടാനുകോടി വത്സരങ്ങളിലൂടെ പരന്നൊഴുകുന്ന ഗുരുവിന്റെ യുഗാന്തര ധർമജീവിതപ്പടവുകളിൽ സകലവിധസുകൃതദുഷ്കൃതങ്ങളോടും കൂടി എന്റെ ജന്മാന്തരങ്ങൾ പടർന്നു കിടക്കുന്നു. അണുവായും പുഴുവായും പുല്ലായും പ്രാണിയായും ഇഴജന്തുക്കളായും സചേതനാചേതനങ്ങളായും പരിണാമാന്ത്യത്തിലെ മനുഷ്യനായും, അങ്ങനെ ഭൂലോകസിദ്ധാന്തപ്രകാരമുള്ള അപരിച്ഛിന്നമായ പുണ്യഭാഗ്യങ്ങളായും എന്നെ വളർത്തിക്കൊണ്ടുവന്ന്, ജീവനും പരന്റെ ആത്മാവുമായ സ്വയം പ്രകാശപ്രാപ്തിയിൽ എത്തിനിൽക്കുന്ന പരംജ്യോതിയായ ഗുരുധർമത്തിന്റെ സാക്ഷിത്വത്തിനു സ്വയമർപ്പിച്ച ജീവനായി ഞാൻ എത്തിനിൽക്കുന്നത് ഞാൻ തന്നെ കണ്ട് ആനന്ദമടയുന്നു. സ്വയം പ്രകാശഖണ്ഡമായി കനിവാർന്നു നിൽക്കുന്ന ഗുരുസ്വരൂപത്തിൽ ലയിച്ചുനിൽക്കുന്ന പ്രകാശപ്രാപ്തിയായി ഗുരു ശിഷ്യനെ വളർത്തി സത്യത്തിന്റെ സത്യത്തിലേക്ക് നയിക്കും എന്നതിനു ഞാൻതന്നെ സാക്ഷി.

ശിഷ്യനെ മഹത്വപ്പെടുത്തുന്ന ഗുരു ദ്യോവിന്റെ പ്രഭുവത്രേ. പഞ്ചേന്ദ്രിയങ്ങളിലെ എല്ലാമായും പഞ്ചകോശങ്ങളിലെ എല്ലാമായും പ്രകാശത്തിന്റെ മഹിമയായും ആനന്ദമായും പരിണമിച്ചെത്തിയ ഗുരുസ്വരൂപം അറിവാകുന്ന ആത്മാവിന്റെ പരിണാമഘട്ടങ്ങളിൽ എന്തെന്തെല്ലാം ഭാവനാവിശേഷങ്ങളിൽ തപം ചെയ്തിരിക്കുന്നു! ഒന്നിന്റെ പലതും പലതിന്റെ ഒന്നും, അങ്ങനെ ഒന്നിന്റെ തന്നെ അനേകഭാവനയിൽ സ്നേഹപ്പെടുത്തി, കർമഭൂമികളിൽ ഭാഗ്യപുഞ്ജമായി മഹത്വപ്പെടുത്തി നിർത്തിയിരിക്കുന്നു.സങ്കല്പങ്ങളുടെ ആ മഹാഭാവന ദൈവത്തിന്റെ നിദാനമത്രേ.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# അഖിലേന്ത്യ ചിത്രരചനാ മത്സരം ശാന്തിഗിരി വിദ്യാഭവൻ ഒന്നാം സ്ഥാനത്ത്

**പൂന :** കലാഭാരതി ചൈൽഡ് ആർട്ട് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (പൂന, മഹാരാഷ്ട്ര) സംഘടിപ്പിച്ച അഖിലേന്ത്യ ചിത്രരചനാ മത്സരത്തിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് ഒന്നാം സ്ഥാനം ലഭിച്ചു. ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ (541) മത്സരത്തിൽ പങ്കെടുപ്പിച്ചതിനു ബെസ്റ്റ് കോൺട്രിബ്യൂഷൻ അവാർഡ് ശാന്തിഗിരി വിദ്യാഭവൻ കരസ്ഥമാക്കി. എൻട്രി ലഭിച്ച 430 ചിത്രങ്ങളിൽ 15 ചിത്രങ്ങൾക്ക് ബെസ്റ്റ് ആർട്സ് അവാർഡും ലഭിച്ചു. ഇതു കൂടാതെ



*ചിത്ര രചനാ മത്സരത്തിൽ നിന്ന്*

സ്കൂൾ പ്രിൻസിപ്പലിനും അദ്ധ്യാപകർക്കും പ്രത്യേക പുരസ്കാരങ്ങളും കലാഭാരതി ചൈൽഡ് ആർട്ട് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് നൽകുകയുണ്ടായി.



*യാത്രാ സംഘം ആശ്രമത്തിൽ എത്തിയപ്പോൾ*

## അഹമ്മദാബാദിൽ നിന്നുള്ള സംഘം ആശ്രമം സന്ദർശിച്ചു

സ്പിരിചൽ സോൺ : അഹമ്മദാബാദ് ശ്രീനാരായണ കൾച്ചറൽ സെന്ററിൽ നിന്നും 25 പേരടങ്ങുന്ന ഒരു സംഘം ഒക്ടോബർ 5ന് പൗർണമി ദിവസം ആശ്രമം സന്ദർശിച്ചു. വൈകുന്നേരം നാല് മണിയോട് കൂടി ആശ്രമസമുചയത്തിലെത്തിയ സംഘം സ്പിരിചൽ സോണിൽ പ്രാർത്ഥനാലയം, പർണ്ണശാല, സഹകരണമന്ദിരം എന്നിവ സന്ദർശിക്കുകയും ആശ്രമത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി വീക്ഷിക്കുകയും ചെയ്തു. സ്പിരിചൽ സോൺ കോൺഫറൻസ് ഹാളിൽ വച്ച് സർവ്വാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി സംഘത്തോട് സംസാരിക്കുകയുണ്ടായി. സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഏഷ്യാനെറ്റ് ചാനലിൽ അവതരിപ്പിക്കുന്ന 'പാഥേയം' എന്ന പ്രോഗ്രാമിന്റെ പ്രചരണാർത്ഥം അഹമ്മദാബാദ് റീജിയണൽ ഓഫീസിൽ നിന്നും ശ്രീനാരായണ കൾച്ചറൽ സെന്റർ, അഹമ്മദാബാദിലെ ചുമതലക്കാരെ സന്ദർശിച്ച് ആശ്രമത്തിലേക്ക് ക്ഷണിച്ചിരുന്നു. ഈ ക്ഷണം സ്വീകരിച്ചാണ് ശ്രീനാരായണ കൾച്ചറൽ സെന്ററിലെ അംഗങ്ങൾ കേരളസന്ദർശന വേളയിൽ ശാന്തിഗിരി ആശ്രമത്തിൽ എത്തിയെതെന്ന് ടീം ക്യാപ്റ്റൻ ധരൻ പറഞ്ഞു.




## 'ഒരു കുട്ടിക്ക് ഒരു ചെടിച്ചട്ടി' പദ്ധതി ആരംഭിച്ചു

**എജ്യുക്കേഷൻ സോൺ :** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ 'ഒരു കുട്ടിക്ക് ഒരു ചെടിച്ചട്ടി' പദ്ധതി ആരംഭിച്ചു. വീട്ടിൽ നിന്നും കുട്ടികളുടെ വകയായി ഒരുചെടിച്ചട്ടി വീതം സ്കൂളിൽ കൊണ്ടുവന്ന് അവർതന്നെ പരിപാലിക്കുന്നതാണ് പദ്ധതി. ചെടികളെ സംരക്ഷിക്കുകയും നിലനിർത്തുകയും വഴി അതിന്റെ വളർച്ചയുടെ ഓരോ ഘട്ടങ്ങളെ തിരിച്ചറിയുക, അതുവഴി പ്രകൃതിയെ കുറിച്ച് പഠിക്കുവാനും മണ്ണിലേക്ക് ഇറങ്ങുവാനും കുട്ടികൾക്ക് അവസരം നൽകുക, പരിസ്ഥിതിയോട് അനുകൂല മനോഭാവം വളർത്തിഎടുക്കുക, സ്കൂൾ പരിസരം ഹരിതാഭമാക്കുക എന്നീകാര്യങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അദ്ധ്യാപകരായ ഷൈജു കെ മാലൂർ, ചാന്ദിനി ചന്ദ്രൻ, രാജലക്ഷ്മി എസ്.എസ് എന്നിവരാണ് ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

## ദിവംഗതനായി

**രാജപാളയം :** മധുരൈയിലെ ആശ്രമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുഡോ. എസ് ശിവസുബ്രഹ്മണ്യൻ (69) ഒക്ടോബർ 4ന് ദിവംഗതനായി. സർക്കാർ സർവീസിൽ നിന്നും സർജനായി വിരമിച്ച ശേഷം വിരുദനഗറിൽ കാർത്തിക് നഴ്സിംഗ് ഹോം എന്ന പേരിൽ സ്വന്തമായി ആശുപത്രി നടത്തി വരുകയായിരുന്നു. സംസ്കാരം നടന്നു. ഭാര്യ : കൽപ്പന ശിവസുബ്രഹ്മണ്യൻ, മക്കൾ: ഡോ.കാർത്തിക് ശിവസുബ്രഹ്മണ്യൻ (ഓസ്ട്രേലിയ), ഡോ.കവിത ശിവസുബ്രഹ്മണ്യൻ (നെതർലാൻഡ്സ്) മരുമക്കൾ : വള്ളിയമ്മ കാർത്തിക്, ഡോ. അഭിഷേക് ഹരിചന്ദൻ

1994 ജനുവരി 15ന് ആദ്യമായി ആശ്രമത്തിൽ എത്തിയ ഡോ.ശിവസുബ്രഹ്മണ്യൻ ശാന്തിഗിരി ആശ്രമം ആണ്ടാർ



*ഡോ.എസ് ശിവസുബ്രഹ്മണ്യൻ*

കൊട്ടാരം ബ്രാഞ്ചിന്റെ വികസനപ്രവർത്തനങ്ങളിലും സാംസ്കാരിക പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യമായിരുന്നു. മധുരൈ സന്ദർശന വേളയിൽ അഭിവന്ദ്യ ശിഷ്യപൂജിത ഡോക്ടറുടെ വീട് സന്ദർശിക്കുകയുണ്ടായി. ചികിത്സയ്ക്കായി ആശ്രമത്തിൽ നിന്ന് നിരവധി ആളുകൾ ഇദ്ദേഹത്തെ സന്ദർശിച്ചിരുന്നു.

## സുഭാഷിതം

**ജ്യോതിപുരം :** ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ഡോ. കെ ആർ എസ് നായർ (സീനിയർ ജനറൽ മാനേജർ, ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റ്, ശാന്തിഗിരി ആശ്രമം) അവതരിപ്പിക്കുന്ന സുഭാഷിതം ഒക്ടോബർ 13നും 20നും പ്രക്ഷേപണം ചെയ്യും.'ദുർലഭം...മനുഷ്യത്വം, പ്രാർത്ഥനയുടെ രസതന്ത്രം' എന്നീ വിഷയങ്ങളാണ് സുഭാഷിതത്തിൽ അവതരിപ്പിക്കുന്നത്. രാവിലെ 5.55ന് പ്രക്ഷേപണം ചെയ്യുന്ന ഈ പരിപാടിയുടെ പുനപ്രക്ഷേപണം രാത്രി 11.05ന് ഉണ്ടായിരിക്കുന്നതാണ്.

## പൊതുയോഗം ഇന്ന്

**റിസർച്ച് സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം ഇന്ന് രാവിലെ 7.30ന് റിസർച്ച് സോൺ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടക്കും.



*ശാന്തിമഹിമ തിരുവനന്തപുരം റൂറൽ ഏരിയ മീറ്റിംഗ്*



*അഖിലേന്ത്യാ ചിത്രരചനാ മത്സര വിജയികൾക്ക് ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിൽ വെച്ച് ഉപഹാരം നൽകുന്നു*



*മമ്മൂട്ടി ഫാൻസ് ആന്റ് വെൽഫയർ അസോസിയേഷൻ തിരുവനന്തപുരം ജില്ലാകമ്മറ്റിയുടെ നേതൃത്വത്തിൽ ആശ്രയതീരത്തേയ്ക്ക് സമാഹരിച്ച വസ്ത്രങ്ങൾ ശാന്തിഗിരി ആശ്രമത്തിൽ വെച്ച് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി കൈമാറുന്നു*



*ശാന്തിഗിരി വിദ്യാഭവൻ 'ഹരിതകേരളം' പദ്ധതിയിൽ വിജയിയായ എൽ കെ ജി വിദ്യാർത്ഥി അഭിനവ് എ.എസ്*

# കെ.എസ്. ആർ. ടി.സി. ബസുകൾ കഴുകി ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ




*വിദ്യാർത്ഥികളുടെ ശുചീകരണ കർമ്മത്തിൽ നിന്ന്*

**വെഞ്ഞാറമൂട് :** ഗാന്ധിജയന്തി ദിനത്തിൽ വെഞ്ഞാറമൂട് കെ.എസ്. ആർ. ടി.സി. ഡിപ്പോയിലെ ബസുകൾ കഴുകി ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ മാതൃകയായി. സ്കൂളിലെ എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിലാണു വേറിട്ട ശുചിത്വയജ്ഞം നടന്നത്. പൊടിയും അഴുക്കും നിറഞ്ഞ പതിനൊന്ന് ബസുകൾ വിദ്യാർത്ഥികൾ കഴുകിത്തുടച്ചു. അതിനു ശേഷം ബസ്സ്സ്റ്റാൻഡും പരിസരവും വൃത്തിയാക്കി. ബസ്സ്സ്റ്റാൻഡിലൂടെ ഉച്ചവരെ കടന്ന് പോയ എല്ലാ ബസുകളിലും വെയിറ്റിംഗ് ഏരിയയിലും പരിസരത്തും ഹെൽപ്പ് ലൈൻ നമ്പരുകൾ ഉൾപ്പെടുന്ന സ്റ്റിക്കറും പതിച്ച ശേഷമാണു വിദ്യാർത്ഥികൾ സ്റ്റാൻഡ് വിട്ട് പോയത്.

എൻ.എസ്.എസ്. യൂണിറ്റ് അംഗങ്ങളായ നൂറിലധികം വിദ്യാർത്ഥികൾ ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തു. ശുചീകരണ പരിപാടി വെഞ്ഞാറമൂട് ഡിപ്പോ ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ പ്രദീപ്.ഡി.നായർ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ ആവേശം കണ്ടതോടെ കെ.എസ്. ആർ.ടി.സി ജീവനക്കാരും നാട്ടുകാരും പിന്തുണയുമായെത്തി. ബസിനകം തൂത്ത് വൃത്തിയാക്കിയശേഷം പ്രത്യേക ലോഷൻ, ഷാമ്പൂ എന്നിവ ഉപയോഗിച്ച് പുറംവശവും വൃത്തിയാക്കി. കുട്ടികളിൽ സാമൂഹ്യസേവന മനോഭാവം വളർത്തുന്നതിനും പൊതുമുതലുകൾ സംരക്ഷിക്കപ്പെടേണ്ടുന്നതിന്റെ അവബോധം സൃഷ്ടിക്കുന്നതിനുമാണു രാഷ്ട്രപിതാവിന്റെ ജന്മദിനത്തിൽ ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചതെന്ന് സ്കൂൾ കൺവീനർ (അഡ്മിനിസ്ട്രേഷൻ) പ്രേംദാസ് പറഞ്ഞു. ഏതാനും ദിവസങ്ങൾക്കകം തന്നെ എൻ.എസ്. എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ നിർമ്മിച്ച പ്ലാസ്റ്റിക് രഹിത വേസ്റ്റ് ബാസ്ക്കറ്റുകൾ പോത്തൻകോട്, വെഞ്ഞാറമൂട് ബസ്സ്റ്റാൻഡുകളിലും പൊതുസ്ഥലങ്ങളിലും സ്ഥാപിക്കുമെന്ന് എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ സജീർ.എ അറിയിച്ചു.

# അനുസ്മരണം നടന്നു



*അനുസ്മരണ സമ്മേളനത്തിൽ നിന്ന്*

**ഹരിപ്പാട് :** കുട്ടികളുടെ കൈയക്ഷരം നന്നാക്കുന്നതിനുള്ള നിരവധി പുസ്തകങ്ങൾ തയ്യാറാക്കിയ ശാന്തിഗിരി ആശ്രമം അഡ്വൈസറി കമ്മറ്റി അംഗമായിരുന്ന ദിവംഗതനായ എം ചിദംബരനെ സഹപ്രവർത്തകരും സുഹൃത്തുക്കളും അനുസ്മരിച്ചു. ഒക്ടോബർ 2ന് ഹരിപ്പാട്ടു നടന്ന അനുസ്മരണ സമ്മേളനം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യ പ്രഭാഷണം നടത്തി. സ്വാമി ഭാസുര ജ്ഞാന തപസ്വി, നഗരസഭ വൈസ്ചെയർമാൻ, എം കെ വിജയൻ, മുൻ എം.എൽ.എ ബി.ബാബു പ്രസാദ് തുടങ്ങിയവർ സംസാരിച്ചു.

# പൊൻ രാധാകൃഷ്ണൻ സന്ദർശിച്ചു




*സന്ദേശവാഹകയജ്ഞം കേന്ദ്ര മന്ത്രി പൊൻ രാധാകൃഷ്ണൻ ഫ്ളാഗോഫ് ചെയ്യുന്നു*

**കന്യാകുമാരി :** കേന്ദ്ര ധനകാര്യ വകുപ്പ് സഹമന്ത്രി പൊൻ രാധാകൃഷ്ണൻ ഒക്ടോബർ 4 ന് ശാന്തിഗിരി ആശ്രമം കന്യാകുമാരി ബ്രാഞ്ച് സന്ദർശിച്ചു. ആശ്രമം ബ്രാഞ്ചിന്റെ പതിമൂന്നാം വാർഷികത്തോടനുബന്ധിച്ചാണ് മന്ത്രി സന്ദർശനം നടത്തിയത്. സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി, സ്വാമി അർച്ചിത് ജ്ഞാനതപസ്വി എന്നിവർ ചേർന്ന് സ്വീകരിച്ചു. പ്രാർത്ഥനാലയത്തിൽ പുഷ്പസമർപ്പണത്തിനുശേഷം അദ്ദേഹം കന്യാകുമാരി ജില്ലയിലെ സന്ദേശവാഹകയജ്ഞം ഫ്ളാഗോഫ് ചെയ്തു. കന്യാകുമാരിയുടെ ആദ്ധ്യാത്മിക പ്രാധാന്യം കണക്കിലെടുത്ത് ശാന്തിഗിരി ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ ഒരു അന്താരാഷ്ട്ര ആത്മീയ സർവകലാശാല അവിടെ സ്ഥാപിക്കണമെന്ന് മന്ത്രി ആഗ്രഹം പ്രകടിപ്പിച്ചു.

## സന്ന്യാസദീക്ഷാ വാർഷികം









ഗുരുചരണം ശരണം

**ശാന്തിഗിരി ആരൂഢശുദ്ധി**

കുറഞ്ഞ ചെലവിൽ ആശ്രമോചിതമായ ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നു

വിവരങ്ങൾക്ക് : 8111849007, 9496294279, 9446438515, 8111882324

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala